പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1451    20.01.2014 - ൽ മറുപടിക്ക്**

## ഒറ്റപ്പാലം - തരൂർ അസംബ്ലി മണ്ഡലങ്ങളെ ബന്ധപ്പെടുത്തി ഭാരതപ്പുഴയ്ക്ക് കുറുകെ പാലം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഹംസ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ഒറ്റപ്പാലം - തരൂർ അസംബ്ലി മണ്ഡലങ്ങളെ ബന്ധപ്പെടുത്തി ഭാരതപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) ഒറ്റപ്പാലം - തരൂർ അസംബ്ലി മണ്ഡലങ്ങളെ ബന്ധപ്പെടുത്തി ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന ഞാവലിൻകടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് 30 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും ഇതിനായി M/s.STUP Consultants Pvt. Ltd. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനും അലൈൻമെന്റിന് റെയിൽവേയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (സി) | സ്ഥലമെടുപ്പിനെതിരായി ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതിനാൽ തുടർ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. |
| (ഡി) | പാലം പണി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ? | (ഡി) | സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ